"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിത കർമ്മസേന ഈടാക്കുന്ന യൂസർ ഫീ (സേവന പ്രതിഫല തുക) നിരക്കുകൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

G.O.(Rt)No.2195/2024/LSGD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:-

1. 08.03.2016-ലെ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ചട്ടം-2016
2. 08.04.2016-ലെ ഖരമാലിന്യ പരിപാലന ചട്ടം -2016
3. 13.09.2018-ലെ സ.ഉ.(പി)നം.65/ 2018 / ത.സ്വ.ഭ.വ.പ്രകാരമുള്ള സംസ്ഥാന ഖരമാലിന്യ പരിപാലന നയം
4. സ.ഉ(പി) നം.10/2017/ആസാവ തീയതി 19.04.2017
5. സ.ഉ.(സാധാ)നം.2420/2017/തസ്വഭവ തിയതി 15.07.2017
6. സ.ഉ.(സാധാ)നം.1496/2020/തസ്വഭവ തിയതി 12.08.020
7. സ.ഉ.(സാധാ)നം.2481/2023/തസ്വഭവ തിയതി 13.12.2023
8. സ.ഉ.(സാധാ)നം.2591/2023/തസ്വഭവ തിയതി 27.12.2023

**ഉത്തരവ്**

പരാമർശം (1),(2),(3) പ്രകാരം മാലിന്യ ഉത്പാദകരാരും തന്നെ തങ്ങളുടെ ഖരമാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ ജലാശയങ്ങളിലേയ്ക്കോ ജലമാർഗ്ഗങ്ങളിലേയ്ക്കോ ഒഴുക്കിവിടരുതെന്നും പകരം തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന നിയോഗിക്കപ്പെടുന്ന ആളുകൾ / ഏജൻസികൾ മുഖേന ഓരോ മാലിന്യ ഉത്പാദകനും യൂസർ ഫീ നൽകി തങ്ങളുടെ മാലിന്യം തരംതിരിച്ച് കൈയൊഴിയണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം (5) ഉത്തരവിൽ അജൈവ മാലിന്യത്തിൻറെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60/- രൂപ യൂസർ ഫീയായി നിശ്ചയിച്ചിരുന്നു. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ നിരക്കുകൾ ഹരിത കർമ്മസേനാംഗങ്ങൾക്ക് ഉപജീവനത്തിനുതകുന്ന വരുമാനം ലഭ്യമാക്കുന്നില്ല എന്ന സാഹചര്യത്തിൽ വീടുകളിൽ നിന്നുള്ള അജൈവ മാലിന്യ ശേഖരണത്തിന് തുക പുനർ നിശ്ചയിച്ചുകൊണ്ട് പരാമർശം(6)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും സംരംഭം എന്ന നിലയിൽ ഹരിതകർമ്മസേനക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള കൂടുതൽ

ഇടപെടലുകൾ ആവശ്യമാണെന്നും കാണുന്ന സാഹചര്യത്തിൽ യൂസർ ഫീ (സേവന പ്രതിഫല തുക) നിരക്കുകൾ സമയാസമയങ്ങളിൽ സർക്കാർ പരിശോധിക്കുകയും പരിഷ്കരിക്കുകയും ചെയ്യുമെന്ന വ്യവസ്ഥയോടെ ഹരിത കർമ്മസേന യൂസർ ഫീ സംബന്ധിച്ച വ്യക്തമായ മാർഗ്ഗരേഖ ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഹരിതകർമ്മസേന-യൂസർ ഫീ (സേവന പ്രതിഫല തുക) നിരക്കുകൾ സംബന്ധിച്ച മാർഗ്ഗരേഖ**

i. വീടുകളിൽ നിന്ന് അജൈവ വസ്തുക്കൾ ശേഖരിക്കുന്നതിന് നിലവിലെ നിരക്കായ, ഗ്രാമപഞ്ചായത്തുകളിൽ കുറഞ്ഞത് പ്രതിമാസം 50/- രൂപ, നഗരസഭകളിൽ പ്രതിമാസം കുറഞ്ഞത് 70/- രൂപ എന്ന നിരക്ക് തുടരാവുന്നതാണ്.

ii. സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന നിരക്ക് പ്രതിമാസം 100/-രൂപയാണ്. എന്നാൽ ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന് ആനുപാതികമായും പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ചും നിരക്ക് വ്യത്യാസപ്പെടും. ഇത്തരത്തിൽ നിശ്ചയിക്കുന്ന നിരക്ക് ഭരണസമിതി തീരുമാനമെടുത്ത് പ്രസിദ്ധീകരിക്കേണ്ടതാണ്.

iii. വലിയ അളവിൽ മാലിന്യം ഉത്പ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള ശേഖരണത്തിന് പ്രതിമാസം 5 ചാക്ക് മാലിന്യം വരെ കുറഞ്ഞത് ആകെ 100/- രൂപ എന്ന നിരക്ക് ഈടാക്കേണ്ടതും അധികമായി വരുന്ന ഓരോ ചാക്കിനും കുറഞ്ഞത് 100/- രൂപ അധികമായി ഈടാക്കേണ്ടതുമാണ്. ( ചാക്കിന്റെ പരമാവധി വലുപ്പം 65x80 cm ആയിരിക്കുന്നതാണ്.).

iv. ജൈവ മാലിന്യം ശേഖരിക്കുന്നയിടങ്ങളിൽ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തൂക്കത്തിന് ആനുപാതികമായി തുക ഈടാക്കേണ്ടതും ഓരോ കിലോ ജൈവമാലിന്യം ശേഖരിക്കുന്നതിന് ഏറ്റവും കുറഞ്ഞ തുക 7/- രൂപയായി നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ ഓരോ സ്ഥലത്തിന്റെയും പ്രത്യേകതയും സാധ്യതയും പരിഗണിച്ച് ഉയർന്ന നിരക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിശ്ചയിക്കാവുന്നതാണ് .ഇത്തരത്തിൽ നിശ്ചയിക്കുന്ന നിരക്ക് തദ്ദേശസ്ഥാപന ഭരണസമിതി തീരുമാനമെടുത്ത് പ്രസിദ്ധീകരിക്കേണ്ടതാണ്.

v. തദ്ദേശസ്ഥാപതലത്തിൽ യൂസർഫീസ് നിശ്ചയിക്കുന്നതിന്റെയും വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഉടമകൾ യൂസർ ഫീസ് നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന്റെയും ചുമതല തദ്ദേശസ്ഥാപനത്തിനായിരിക്കുന്നതാണ്. പ്രതിമാസ യൂസർഫീസ് നൽകാതിരിക്കുന്ന ഉടമകളിൽ നിന്ന് യൂസർ ഫീസ് കുടിശ്ശിക വസ്തു നികുതി ഈടാക്കുന്നതുപോലെ ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ ഓരോ മാസവും ഈടാക്കുന്ന തുക എത്രയെന്ന് തദ്ദേശസ്ഥാപന സെക്രട്ടറി തിട്ടപ്പെടുത്തുകയും ആയത് തൊട്ടടുത്ത മാസത്തെ അഞ്ചാമത്തെ പ്രവർത്തി ദിവസത്തിനുള്ളിൽ ഹരിതകർമ്മസേന കൺസോർഷ്യം അക്കൌണ്ടിലേക്ക് കൈമാറേണ്ടതുമാണ്.

vi. ഹരിതകർമ്മസേന യൂസർഫീ കളക്ഷൻ ഉപയോഗിക്കുന്ന രസീത് ഏകീകൃത രൂപത്തിൽ ആയിരിക്കേണ്ടതാണ്. (മാതൃക അനുബന്ധമായി ചേർക്കുന്നു). രസീത് അച്ചടിച്ച് നൽകേണ്ടതിന്റെയും കൃത്യമായി രേഖപ്പെടുത്തി ഹരിതകർമ്മസേന കൺസോർഷ്യം ഭാരവാഹികൾക്ക് കൈമാറുന്നതിന്റെയും ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്

ആയിരിക്കുന്നതാണ്.

യൂസർ ഫീ ഈടാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിക്കൊണ്ടുള്ള പരാമർശം(7),(8) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANUPAMA T V
SPECIAL SECRETARY

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ, കില
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ, LSGD മുഖേന)
വെബ് & ന്യൂ മീഡിയ,ഐ &പി.ആർ.ഡി,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 14-11-2024 06:16:55
സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്